2) മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധിയും കസ്തൂർബാ ഗാന്ധിയും സന്ദർശിച്ച ശബരി ആശ്രമത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

3) സാംസ്കാരിക വകുപ്പ് മുഖേന ഒ.വി. വിജയൻ സ്മാരകത്തിന്റെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷം 75 ലക്ഷം രൂപയും 2018-19 സാമ്പത്തിക വർഷം ഒരു കോടി രൂപയും അനുവദിച്ചിരുന്നു. പ്രസ്തുത തുക മുഴുവനും ചെലവഴിച്ചു.

തെയ്യം കലാകാരന്മാർ അനുഭവിക്കുന്ന പ്രതിസന്ധി

297(603) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ തുടർന്ന് പ്രതിസന്ധിയിലായ മലബാറിലെ തെയ്യം കലാകാരന്മാരെ സഹായിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) അനുഷ്ഠാന കലയായ തെയ്യം ജീവിതോപാസനയാക്കിയ ഇവർക്ക് മറ്റ് തൊഴിലുകളെടുക്കാൻ കഴിയാത്തതിനാൽ ദളിത് വിഭാഗത്തിൽപ്പെട്ട ഈ കലാകാരന്മാർക്ക് അടിയന്തര സഹായം പ്രഖ്യാപിക്കുമോ?

(എ&ബി) കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32,000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ ചെലവഴിച്ച് പ്രതിമാസം 1,000 രൂപ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ച പദ്ധതി പ്രകാരം തെയ്യം കലാകാരന്മാർക്കും സഹായം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ, സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും ഇതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ തെയ്യം കലാകാരന്മാരുൾപ്പെടെയുള്ള 29,050

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1,000 രൂപ വീതം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ചിരുന്നു. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2,000 രൂപ വീതം നൽകിയിട്ടുണ്ട്. ഈ വർഷം 1,000 രൂപ വീതം ധനസഹായം നൽകി വരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗമായ തെയ്യം കലാകാരന്മാർ ഉൾപ്പെടെയുള്ളവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകി വരുന്നു.

നവോത്ഥാന നായകന്മാരുടെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയങ്ങൾ

298(604) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ബഡ്ജറ്റിൽ നവോത്ഥാന നായകന്മാരുടെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ആലപ്പുഴ ജില്ലയിൽ പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആലപ്പുഴ ജില്ലയിൽ ശ്രീ. പി. കൃഷ്ണപിള്ളയുടെ നാമധേയത്തിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച നവോത്ഥാന സാംസ്കാരിക സമുച്ചയത്തിനായി മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 18, റീസർവ്വേ നമ്പർ 30-ൽ ഉൾപ്പെട്ട 5 ഏക്കർ ഭൂമി സമുച്ചയത്തിനായി വിട്ടു നൽകുന്നതിന് ആരോഗ്യ വകുപ്പ് സമ്മതപത്രം നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട ഭൂമിയുടെ കൈവശാവകാശം ഔദ്യോഗികമായി സാംസ്കാരിക വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.